**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കാനായി കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | **പരിശോധിക്കാവുന്നതാണ്** |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പേർക്ക് പ്രസ്തുത അതോറിറ്റി മുഖേന നിയമസഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | **ഈ സർക്കാർ അധികാരമേറ്റതിന് ശേഷം 3,10,191 പേർക്ക് കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി മുഖേന നിയമസഹായം നൽകിയിട്ടുണ്ട്.** |
| (സി) | കോടതി കേസുകളിൽ സൗജന്യ നിയമസഹായം നൽകുന്നതിന്റെ നിലവിലെ മാനദണ്ഡം എന്താണെന്നും കാലോചിതമായി എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | **The Legal Services Authorities Act, 1987-ന്റെ 12-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം**<br><br>**പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ, മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർ, സ്ത്രീകളും കുട്ടികളും, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പ്രകൃതി ദുരന്തം, വ്യവസായികദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ, വ്യവസായിക തൊഴിലാളികൾ, പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ, കസ്റ്റഡി പ്രതികൾ മുതലായവർ, വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവർ തുടങ്ങിയവർക്കാണ് നിലവിൽ കോടതി കേസുകളിൽ സൗജന്യ നിയമസേവനം നൽകിവരുന്നത്.**<br><br>**The Legal Services Authorities Act, 1987-ന്റെ 12-ാം വകുപ്പിന്റെ പരിധിയിലേക്ക് വയോജനങ്ങൾ, ഭിന്നലിംഗക്കാർ എന്നിവരെക്കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയത് ഉൾപ്പെടുത്തുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത നിയമം ഒരു** |

| | | | |
|---|---|---|---|
| | | | **കേന്ദ്ര നിയമമായതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.** |

സെക്ഷൻ ഓഫീസർ